# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2622 — 19.12.2012ൽ മറുപടിയ്ക്ക്

## കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ വിവിധ പദ്ധതികൾ

ചോദ്യം : ശ്രീ. കെ. ദാസൻ

ഉത്തരം: ശ്രീ.പി.ജെ.ജോസഫ്
(ജലവിഭവ വകുപ്പ് മന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| (എ) | കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച് പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നതും നടക്കാനിരിക്കുന്നതുമായ കടലാക്രമണം ചെറുക്കുവാനുള്ള പ്രവൃത്തികൾ/സീവാൾ നിർമ്മാണം/സീവാൾ പുനരുദ്ധാരണം/റിവർ പ്രൊട്ടക്ഷൻ/റിവർ സൈഡ് വാൾ പ്രൊട്ടക്ഷൻ വർക്കുകൾ ഏതെല്ലാമാണ് ; | (എ) | കടൽഭിത്തി നിർമ്മാണം. 2 പ്രവൃത്തികൾ.<br>1. ചെറിയമങ്ങാട് കടൽഭിത്തി നിർമ്മാണം 250 മീറ്റർ (റീച്ച് 1 - സി.പി. 1931 ന് 55 മീറ്റർ തെക്ക് നിന്നും തെക്കോട്ട് 140 മീറ്റർ, റീച്ച് 2 - സി.പി 1930 ന് 70 മീറ്റർ വടക്ക് നിന്നും വടക്കോട്ട് 110 മീറ്റർ)<br>2. മൂടാടി കടൽഭിത്തി നിർമ്മാണം 120 മീറ്റർ (സി.പി.1970 ന് 30 മീറ്റർ വടക്ക് നിന്നും വടക്കോട്ട് 120 മീറ്റർ) |
| (ബി) | ഓരോ പ്രവൃത്തിക്കും ചെലവഴിക്കുന്ന ഭരണാനുമതിയുള്ള തുക എത്രയാണ് ; ഓരോ പ്രവൃത്തിയുടെയും പുരോഗതി ഏതു ഘട്ടം വരെ ആയി എന്ന് വിശദമാക്കുമോ ; | (ബി) | 1. ചെറിയമങ്ങാട് കടൽഭിത്തി നിർമ്മാണത്തിന് 85 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. ടി പ്രവൃത്തിക്ക് 21.12.12 ന് റീടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.<br>2. മൂടാടി കടൽഭിത്തി നിർമ്മാണത്തിന് 38 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. പുതുക്കിയ നിരക്കിലുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |
| (സി) | കൊയിലാണ്ടി ഇരിങ്ങൽ വില്ലേജിൽ പ്പെടുന്ന കോട്ടുതുരുത്തിയിലെ തുരുത്ത് പ്രദേശത്ത് പാർശ്വഭിത്തി നിർമ്മിക്കുന്നതിനായി ആരുടെയെങ്കിലും നിവേദനം ലഭിച്ചിരുന്നുവോ ; | (സി) | ഉണ്ട്. |
| (ഡി) | കോട്ടുതുരുത്തിയിൽ പാർശ്വഭിത്തി കെട്ടുന്ന പദ്ധതിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ ; തയ്യാറാക്കിയ എസ്റ്റിമേറ്റും മറ്റ് രേഖകളും അംഗീകാരത്തിനും ഭരണാനുമതിയ്ക്കുമായുള്ള നടപടികളുടെ ഏത് ഘട്ടത്തിലാണ് ; | (ഡി) | ഉണ്ട്. 20.6.12 ന് ചേർന്ന കോഴിക്കോട് ജില്ല റിവർ മാനേജ്മെന്റ് ഫണ്ട് വിദഗ്ദ്ധ സമിതി യോഗം പ്രസ്തുത പ്രവൃത്തിക്കായി 175 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സംസ്ഥാനതല വിദഗ്ദ്ധ സമിതിക്ക് അംഗീകാരത്തിനായി സമർപ്പിക്കുവാൻ തീരുമാനിച്ചു. എന്നാൽ ഒക്ടോബർ 2012 ൽ നിരക്ക് പുതുക്കിയതിനാൽ എസ്റ്റിമേറ്റ് തുക 226 ലക്ഷം രൂപയായി വർദ്ധി |

പ്പിച്ചിട്ടുണ്ട്. 22.11.2012 ന് ചേർന്ന ജില്ലാവിദഗ്ധ സമിതി, പ്രസ്തുത പ്രവൃത്തി സംസ്ഥാനതല സമിതിയുടെ അംഗീകാരത്തിന് സമർപ്പിക്കുവാൻ തീരുമാനിച്ചു.

| | |
|---|---|
| (ഇ) അടിയന്തിര പ്രാധാന്യമുള്ള ഈ പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകി പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ; പദ്ധതി എപ്പോൾ നടപ്പിലാക്കുമെന്ന് വ്യക്തമാക്കുമോ ? | (ഇ) ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് നടപടികൾ സ്വീകരിക്കുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ